©

കേരള സർക്കാർ
Government of Kerala
2014

Regn. No. KERBIL/2012/4597..
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2012-14

# കേരള ഗസററ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 3<br>Vol. III | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2014 ഫെബ്രുവരി 20<br>20th February 2014<br>1189 കുംഭം 8<br>8th Kumbham 1189<br>1935 ഫാൽഗുനം 1<br>1st Phalguna 1935 | നമ്പർ<br>No. 624 |


## കേരള സർക്കാർ

ഗതാഗത (ബി) വകുപ്പ്

### വിജ്ഞാപനം

സ.ഉ. (പി) നമ്പർ 13/2014/ഗത.

*തിരുവനന്തപുരം, 2014 ഫെബ്രുവരി 17.*
*1189 കുംഭം 5.*

**എസ്. ആർ. ഒ. നമ്പർ 137/2014.**—ഡബ്ല്യു. പി. (സി) നമ്പർ 30041/2011-ലെ വിധി ന്യായത്തിനെതിരെ ഫയൽ ചെയ്ത 105/2012-ാം നമ്പർ റിട്ട് അപ്പീലിൽ ബഹു. കേരള ഹൈക്കോടതി, 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെ 115-ാം വകുപ്പിലെ അധികാരം വിനിയോഗിച്ച് ടിപ്പർ ലോറികളുടെ ഗതാഗതത്തിൽ നിയന്ത്രണം ഏർപ്പെടു ത്തേണ്ടതാണെന്ന് സർക്കാരിനോട് ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ, 2012 ഡിസംബർ മാസം 15-ാം തീയതിയിലെ 1485-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. 864/2012 ആയി പ്രസിദ്ധീകരിച്ച് സ. ഉ. (പി) നമ്പർ 90/12/ട്രാൻ. ഉത്തരവ് വഴി ടിപ്പർ ലോറികളെയും ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളെയും രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 3 മണി മുതൽ 5 മണി വരെയും കേരളത്തിലെ റോഡുകളിലൂടെ ഗതാഗതം നടത്തുന്നത് നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലും;

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2014.

33/957/2014/DTP.

മേൽ പുറപ്പെടുവിച്ച ഉത്തരവ് നിർമ്മാണ മേഖലയെ സാരമായി ബാധിക്കുന്നുണ്ടെന്നുള്ള കാര്യം കേരള സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ എസ്. ആർ. ഒ. നമ്പർ, 864/12 ആയി പ്രസിദ്ധീകരിച്ച 2012 ഡിസംബർ 15-ാം തീയതിയിലെ സ. ഉ.(പി) നമ്പർ 90/12/ട്രാൻ. ഉത്തരവ് ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാലും;

ഇപ്പോൾ, അതിനാൽ, എസ്. ആർ. ഒ. നമ്പർ 864/12 ആയി പ്രസിദ്ധീകരിച്ച 2012 ഡിസംബർ 15-ാം തീയതിയിലെ സ. ഉ. (പി) നം. 90/12/ട്രാൻ. ഉത്തരവിനെ അതിലംഘിച്ചുകൊണ്ടും, 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെ 115-ാം വകുപ്പ് പ്രകാരം കേരള സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ടും, ടിപ്പർ ലോറികളുടെയും/ടിപ്പിംഗ് മെക്കാനിസം ഉപയോഗിച്ചു പ്രവർത്തിക്കുന്ന വാഹനങ്ങളുടെയും കേരള സംസ്ഥാനത്തെ റോഡുകളിലൂടെയുള്ള ഗതാഗതം രാവിലെ 9 മണി മുതൽ 10 മണിവരെയും, വൈകുന്നേരം 4 മണി മുതൽ 5 മണി വരെയും നിരോധിച്ചുകൊണ്ട് കേരള സർക്കാർ ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുകയും, പ്രസ്തുത നിരോധന ഉത്തരവ് പൊതുജന ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി 1988-ലെ മോട്ടോർ വെഹിക്കിൾസ് ആക്റ്റിലെ 116-ാം വകുപ്പ് പ്രകാരം അനുയോജ്യമായ സ്ഥലങ്ങളിൽ ഉചിതമായ ട്രാഫിക് ബോർഡുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുകയും ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. വി. എം. ഗോപാലമേനോൻ,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

റിട്ട് പെറ്റീഷൻ (സി) 30041/2011-ാം നമ്പർ കേസിലെ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത 105/2012-ാം നമ്പർ റിട്ട് അപ്പീലിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി നടത്തിയ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ടിപ്പർ ലോറികളേയും, ടിപ്പർ മെക്കാനിസം ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളെയും രാവിലെ 8 മണി മുതൽ 10 മണി വരെയും, വൈകുന്നേരം 3 മണി മുതൽ 5 മണി വരെയും കേരളത്തിലെ റോഡുകളിലൂടെ ഗതാഗതം നടത്തുന്നതിൽ നിന്നും നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഉത്തരവ് നിർമ്മാണമേഖലയെ സാരമായി ബാധിക്കുന്നുണ്ടെന്നുള്ള കാര്യം സർക്കരിന്റെ ശ്രദ്ധയിൽപ്പെടുകയും, ഉത്തരവിലെ സമയപരിധിയിൽ മാറ്റം വരുത്തുവാൻ സർക്കാർ തീരുമാനിക്കുകയും ചെയ്തു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

GOVERNMENT OF KERALA

**Transport (B) Department**

NOTIFICATION

G. O. (P) No. 13/2014/Tran. *Dated, Thiruvananthapuram, 17th February, 2014 / 5th Kumbham, 1189.*

**S. R. O. No. 137/2014.**—WHEREAS, as per the observation made by the Honourable High Court in Writ Apepal No. 105/2012 filed aganist the judgment in WP (C) No. 30041/2011 the Government had to invoke power under section 115 of the Motor Vehicles Act, 1988 to impose restriction in running tipper lorries, and Government of Kerala vide G. O. (P) No. 90/2012/Tran, dated 15th December, 2012, published as S. R. O. No. 864/2012 in Kerala Gazette Extraordinary No. 1485 dated 15th December, 2012, ordered that tipper lorries/ vehicles equipped with tipping mechanism shall not be operated on the roads all over Kerala during the time period from 8 a. m. to 10 a.m. and from 3 p. m. to 5 p. m.;

AND WHEREAS, it has come to the notice of the Government of Kerala, that the said restriction is affecting the building sector badly and hence the Government of Kerala have decided to bring in certain changes in the time period issued as per G. O. (P) No. 90/12/Tran., dated 15th December, 2012.

NOW, THEREFORE, in exercise of powers conferred by section 115 of the Motor Vehicles Act, 1988 (Central Act 59 of 1988) and in supersession of G. O. (P) No. 90/2012/Tran, dated 15th December, 2012, published as S. R. O. No. 864/2012, in the Kerala Gazette Extraordinary No. 1485 dated 15th December, 2012, the Government of Kerala hereby order that tipper lorries/ vehicles equipped with tipping mechanism shall not be operated on the roads all over Kerala during the time period from 9 a.m. to 10 a.m. and from 4 p. m. to 5 p. m. and that appropriate traffic signs shall be errected under Section 116 of the Motor Vehicles Act, 1988 at suitable places all over Kerala to bring the above restriction to public notice.

By order of the Governor,

DR. V. M. GOPALA MENON,
*Secretary to Government.*

## Explanatory Note

(This does not form part of the notification, but is intended to indicate its general purport.)

As per the observation made by the Honourable High Court in Writ Appeal No. 105/2012 filed aganist the judgment in WP (C) No. 30041/2011 Government have imposed restrictions in running tipper lorries, vide G. O. (P) No. 90/2012/ Tran, dated 15th December, 2012 published as S. R. O. No. 864/2012, during the time period from 8 a. m. to 10 a. m. and from 3. p. m. to 5 p.m. It has come to the notice of the Government that the above restriction imposed is affecting the building sector badly. Hence the Government have decided to make certain changes in the time period of restriction.

This notification is intended to achieve the above object.